**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7404** **17.7.2012-ൽ മറുപടിക്ക്**

**നഗരസഭകളുടെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭകൾ മാലിന്യ നിർമ്മാർജ്ജനം എപ്രകാരമാണ് നടത്തുന്നതെന്ന് പരിശോധിക്കു വാനും ഇതിന് വീഴ്ച വരുത്തുന്ന നഗരസഭകൾക്കെതിരെ നട പടി സ്വീകരിക്കുവാനും നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാ മോ; മാലിന്യ നിർമ്മാർജ്ജനത്തിന് യാതൊരു നടപടിയും സ്വീകരിക്കാത്ത നഗരസഭകൾ സംസ്ഥാനത്തുണ്ടോ എന്ന് വ്യക്തമാക്കാമോ ; | എ) 1994-ലെ നഗരപാലിക നിയമ പ്രകാരം മാലിന്യ നിർമ്മാർജ്ജനം നഗരസഭയുടെ അധികാര പ രിധിയിൽ വരുന്നതാണ്. നഗരസഭകൾ മാലിന്യ നിർമ്മാർജ്ജനം എപ്രകാരം നടപ്പിലാക്കുന്നു എന്ന് പരിശോധിക്കുന്നതിനുള്ള നിയമപരമായ ഉത്തരവാദിത്വം കേരള സ്റ്റേറ്റ് മലിനീകരണ നിയ ന്ത്രണ ബോർഡിനാണ്. 2000-ാമാണ്ടിലെ നഗരഖ രമാലിന്യ (പരിപാലന കൈകാര്യ) ചട്ടങ്ങൾ പ്രകാരമാണ് നടപടി എടുക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന് യാതൊരു നടപടിയും സ്വീ കരിക്കാത്ത നഗരസഭകൾ സംസ്ഥാനത്തില്ല. |
| ബി) വരുമാനമില്ലാത്തതിന്റെ പേരിൽ ഏതെ ങ്കിലും നഗരസഭ മാലിന്യനിർമ്മാർജ്ജന പ്രവർത്തന ങ്ങൾക്ക് വിമുഖത കാണിക്കുന്നുണ്ടോ; മാലിന്യനിർമ്മാർജ്ജനത്തിന് സർക്കാർ പ്രത്യേക ഫണ്ട് അനുവ ദിക്ക ണമെന്ന് ആവശ്യപ്പെട്ട് ഇത്തരം നഗരസഭ കൾ കത്തുകൾ നൽകിയിട്ടുണ്ടോ ; | ബി) വരുമാനം കുറഞ്ഞ നഗരസഭകൾ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011 -2012 സാമ്പത്തിക വർഷം വരെ നഗരസഭകൾ സ്ഥാപിക്കുന്ന സമഗ്രമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിന് അടങ്കൽ തുക യുടെ 50% തുകയോ 35 ലക്ഷം രൂപയോ ഏതാണ് കൂടുതൽ ആ തുകയാണ് നൽകി വന്നിരുന്നത്. ഇക്കാരണത്താൽ പ്ലാന്റുകളുടെ നിർമ്മാണത്തിന് ശേഷിക്കുന്ന തുക കണ്ടെത്തു ന്നതിന് പല നഗരസഭകൾക്കും കഴിയാതെ വന്നി രുന്നു. ഇതിന് പരിഹാരമായി 2011-2012 സാമ്പ ത്തിക വർഷത്തിൽ നഗരസഭകൾ സ്ഥാപിക്കുന്ന സമഗ്ര മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ മൂലധന ചെലവിന്റെ 100% സാമ്പത്തിക സഹായം ശുചി ത്വമിഷൻ വഴി നൽകി വരുന്നു. എന്നാൽ മാലി ന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ തുടർ പ്രവർത്തനത്തിന് പ്രത്യേക ഫണ്ട് അനുവദി ക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ചില നഗരസ ഭകൾ സർക്കാരിനെ സമീപിച്ചിരുന്നു. |
| സി) ചേർത്തല നഗരസഭ മാലിന്യനിർമ്മാർജ്ജ നത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ? | സി) പദ്ധതി തയ്യാറാക്കാനുള്ള സാങ്കേതിക പരിശീല നവും മോഡൽ പദ്ധതിയും ശുചിത്വമിഷനിൽ നിന്നും നഗരസഭയ്ക്ക് നൽകിയിരുന്നു. എന്നാൽ ചേർത്തല നഗരസഭ 2011-2012 സാമ്പ ത്തിക വർഷം ഈ മേഖലയിൽ യാതൊരു പ്രോജക്ടും തയ്യാറാക്കി സമർപ്പിച്ചതായി കാണു ന്നില്ല. |

**സെക്ഷൻ ഓഫീസർ**